I.ഇ.ബി.XIകേരള നിയമസഭ/IV21

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 16, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### ശ്രദ്ധക്ഷണിക്കൽ

(1) എ.ഡി.ബി. നിബന്ധനകൾക്ക് വിധേയമായി വൈദ്യുതി രംഗത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ എ.ഡി.ബി. ലക്ഷ്യമിട്ടിരിക്കുന്ന പരിഷ്കരണങ്ങൾ ധൃതഗതിയിൽ നടപ്പിലാക്കുന്നതിനുള്ള റിഫോംസ് ബിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എ.ഡി.ബി.യുടെ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ തുടക്കമായി കായംകുളം താപനിലയത്തിൽനിന്നും 150 മെഗാവാട്ട് വൈദ്യുതി തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾക്ക് കൊടുക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തു. വരുംകാലങ്ങളിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം നിറവേറ്റാൻ പുതിയ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള ഒരു നിർദ്ദേശവും ഈ ഗവൺമെന്റിന്റെ മുമ്പിലില്ല.

ഈ സ്ഥിതി തുടരുകയാണെങ്കിൽ 2003 ആകുമ്പോൾ വീണ്ടും പവർകട്ട് ഏർപ്പെടുത്തേണ്ടിവരും. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് തയ്യാറാക്കിയ ധാരണാപത്രത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ഇപ്പോൾ കേന്ദ്രം അനുശാസിക്കുന്ന വിധത്തിൽ ബോർഡിനെ സ്വകാര്യവത്കരിക്കുമെന്നും ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുമെന്നും വ്യക്തമാക്കിയിരിക്കുകയാണ്. ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ ചെയർമാന് 26,500 രൂപയും മെമ്പർക്ക് 24,000 രൂപയുമാണ് ശമ്പളം. കോടിക്കണക്കിനു രൂപയുടെ ഈ പുതിയ ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുക്കേണ്ടി വരുന്നതോടുകൂടി കൂടുതൽ ഭാരം ജനങ്ങളുടെ മേൽ വരാൻ പോകുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം വൈദ്യുതി ചാർജ്ജിൽ 25% വർദ്ധനവുണ്ടായി. എല്ലാ അപേക്ഷാ ഫീസുകളും വർദ്ധിപ്പിച്ചു. കൺസ്യൂമർ വാങ്ങി വയ്ക്കുന്ന മീറ്ററിന് ഇലക്ട്രിസിറ്റി ബോർഡ് വാടക വാങ്ങുന്ന സ്ഥിതിയാണ് വന്നിരിക്കുന്നത്. ഈ ഇനത്തിൽമാത്രം പ്രതിവർഷം 6 കോടി രൂപ ബോർഡിന് ലഭിക്കും. ബോർഡ് സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ പാവപ്പെട്ട ആളുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുകയില്ല. ഗ്രാമപ്രദേശങ്ങളിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ ഒരു മരീചികയായിട്ട് മാറും. മീറ്റർ വാടകയും വർദ്ധിപ്പിച്ച വൈദ്യുതി നിരക്കും ലോഡ് ഷെഡിംഗും പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം. എ.ഡി.ബി. നിബന്ധനകൾക്ക് വിധേയമായി നടത്തുന്ന പരിഷ്കാരങ്ങളിൽനിന്ന് പിൻവാങ്ങണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി <u>(ശ്രീ. കടവൂർ ശിവദാസൻ):</u> എ.ഡി.ബി.യുമായി ഗവൺമെന്റ് ഒരു നിബന്ധനയോ കരാറോ ഉണ്ടാക്കിയിട്ടില്ലാത്തതിനാൽ അതിനനുസരണമായ പരിഷ്ക്കരണങ്ങളും നടപ്പിലാക്കിയിട്ടില്ല. അതിനാൽ എ.ഡി.ബി. നിബന്ധനയുടെ ഫലമായി ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന പ്രശ്നം ഉദിക്കുന്നില്ല. ഇലക്ട്രിസിറ്റി ബോർഡ് താങ്ങാനാവാത്ത കടത്തി ലായതുകൊണ്ട് വിലകൂടിയ വൈദ്യുതി വാങ്ങി വിതരണം ചെയ്യാനാവാത്തതുകൊണ്ടാണ് പവർകട്ട് വേണ്ടിവരുന്നത്. ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ വേണമെന്നും വൈദ്യുതി ഉല്പാദനം സ്വകാര്യ മേഖലയ്ക്ക് കൊടുക്കണമെന്നുമൊക്കെ തീരുമാനമെടുത്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. പാർലമെന്റ് പാസ്സാക്കിയ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിയമം നടപ്പിലാക്കാൻ സംസ്ഥാനം ബാദ്ധ്യസ്ഥമാണ്. ആ നിയമം പൂർണ്ണമായി നടപ്പിലാക്കുകയാണെ ങ്കിൽ വൈദ്യുതി ചാർജിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള 25 ശതമാനം വർദ്ധനവിന്റെ സ്ഥാനത്ത് 90 ശതമാനം വരുത്തണമായിരുന്നു. മീറ്റർ വാടക ഇനത്തിൽ ആറുകോടി രൂപ ലഭിച്ചതുകൊണ്ടു മാത്രം 1400 കോടി രൂപ കടമുള്ള വൈദ്യുതി ബോർഡിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയില്ല. എന്നാൽ മീറ്ററിന് വാടക ഏർപ്പെടുത്തിയ നടപടി ശരിവച്ചുകൊണ്ടുള്ള ഹൈക്കോടതി വിധി വന്നിരിക്കുന്ന സാഹചര്യത്തിൽ ഇനി അതിൽനിന്ന് പിൻതിരിയുവാൻ ഗവൺമെന്റിന് ധാർമ്മിക മായ ബുദ്ധിമുട്ടുണ്ട്.

(2) മണലിന്റെ ദൗർലഭ്യത്തെത്തുടർന്ന് നിർമ്മാണ രംഗത്ത് നിലനില്ക്കുന്ന പ്രതിസന്ധി

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആറ്റുമണൽ നിശ്ചിത വിലയ്ക്ക് ലഭ്യമാക്കാൻ കഴിയാത്തതുമൂലം നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾ ജോലിയില്ലാതെ കഷ്ടപ്പെടുകയാണ്. മണൽ വാരുന്നതു സംബന്ധിച്ച് നിയമം പാസ്സാക്കിയിട്ടുണ്ടെങ്കിലും ഈ പ്രശ്നത്തിന് പരിഹാരമായിട്ടില്ല. തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന ഒരു ലോഡ് മണലിന് 9000 രൂപ വരെ വില വർദ്ധിച്ചത് നാഷണൽ ഹൈവേയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനത്തിലാക്കിയിട്ടുണ്ട്. മണൽവാരൽ രംഗത്ത് തലമുറകളായി പണിയെടുക്കുന്ന തൊഴിലാളികളും ചുമട്ടുതൊഴിലാളികളുമെല്ലാം ഇതു സംബന്ധിച്ച നിയമം നിലവിൽ വന്നതോടുകൂടി വളരെയേറെ ദുരിതമനുഭവിക്കുകയാണ്. പോലീസ്, റവന്യൂ, ജിയോളജി വകുപ്പുദ്യോഗസ്ഥൻമാർ നിയമം ദുരുപയോഗപ്പെടുത്തി മണൽ കൊണ്ടുപോകുന്ന വാഹനങ്ങൾ പിടിച്ചെടുക്കുകയും തൊഴിലാളികളെ പീഡിപ്പിക്കുകയും ചെയ്യുന്നു. നദീതീരസംരക്ഷണ സമിതിയുടെ അനുവാദത്തോടെ മാത്രമേ ഇനിമേൽ മണൽ വാരൽ അനുവദിക്കുകയുള്ളൂവെന്ന തിരുവനന്തപുരം ജില്ലാകളക്ടറുടെ ഉത്തരവുകൂടി പ്രാവർത്തികമാവുകയാണെങ്കിൽ നിർമ്മാണപ്രവർത്തനങ്ങൾ പൂർണമായും സ്തംഭനത്തിലാകും. നദീതീരസംരക്ഷണ കമ്മിറ്റി യോഗംചേർന്ന് മണൽവാരൽ വ്യവസ്ഥകൾ നിശ്ചയിക്കുന്നതിന് വളരെയേറെ കാലതാമസമുണ്ടാകും. ജിയോളജി വകുപ്പുദ്യോഗസ്ഥർ മണൽകൊണ്ടുപോകുന്ന ലോറികൾ പിടിച്ചെടുക്കുന്നത് അനുവദിക്കാൻ പാടില്ല. ഹൈക്കോടതി അനുവാദം നൽകിയിട്ടുള്ള കടവുകളിൽനിന്നു മാത്രമേ നിയന്ത്രണങ്ങൾക്ക് വിധേയമായി മണൽ വാരാൻ ഇപ്പോൾ കഴിയൂ എന്നതുകൊണ്ട് മറ്റു രാജ്യങ്ങളിലും ആൻഡമാനിലും ചെയ്യുന്നതുപോലെ കടലിൽനിന്നും മണൽ വാരി ശുദ്ധിചെയ്ത് ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ വ്യാപകമായി പ്രയോജനപ്പെടുത്തിയാൽ നിലവിലുള്ള നദികൾ സംരക്ഷിക്കപ്പെടുകയും നിർമ്മാണരംഗത്തെ സ്തംഭനാവസ്ഥ ഒഴിവാകുകയും ചെയ്യും. മുൻകാലത്തെപ്പോലെ പകുതിത്തുക റവന്യൂവകുപ്പിന് നൽകിയശേഷം കടവുകൾ പഞ്ചായത്തുകൾതന്നെ ലേലം ചെയ്തു കൊടുക്കുന്ന സംവിധാനം

പുനഃസ്ഥാപിക്കുന്നതോടൊപ്പം ഈ രംഗത്തെ ഉദ്യോഗസ്ഥ മേധാവിത്വം അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരി

ക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): നിയമസഭ പാസ്സാക്കിയ നിയമമനുസരിച്ച് നദികളിലെ മണൽവാരൽ സംബന്ധമായ കാര്യങ്ങളുടെ പൂർണ്ണ ചുമതല ജില്ലാ കമ്മിറ്റികൾക്കും കടവ് കമ്മിറ്റികൾക്കുമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഏർപ്പെടുത്തിയ മൂന്നു മാസത്തെ മണൽവാരൽ നിരോധനം 15 ദിവസമായി കുറച്ചുകൊണ്ട് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് മുന്നോട്ടുവന്നു എന്നുള്ളതാണ് വസ്തുത. പുതിയ നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ജനപ്രതിനിധികളടങ്ങുന്ന കമ്മിറ്റികൾ സുശക്തമാക്കണം. ജില്ലാ കമ്മിറ്റികൾ മണൽവില നിശ്ചയിക്കുന്നതിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും ഗവൺമെന്റിൽ അപ്പീൽ കൊടുക്കുന്നതിനും വ്യവസ്ഥ ഉണ്ട്. പുതിയ നിയമം വന്നശേഷം മണൽവില കൂടി എന്നു പറയുന്നത് യുക്തിസഹമല്ല. പഴയതുപോലെ ആണ്ടിൽ 365 ദിവസവും ഇനി മണൽവാരാൻ സാദ്ധ്യമല്ല. തൊഴിലാളികൾ പുതിയ സാഹചര്യങ്ങളുമായി സഹകരിക്കണം. നദികളിലെ മണൽ ലഭ്യത കുറഞ്ഞുവരുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. സമുദ്രത്തിൽനിന്ന് മണൽ ശേഖരിച്ച് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമോ എന്ന് വ്യവസായ വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തിയേ തീരൂ. പഞ്ചായത്തുകൾക്ക് മണൽ ലേലംചെയ്തു കൊടുക്കുന്നതിനുള്ള സ്വാതന്ത്ര്യം കൊടുക്കുന്നത് നല്ലതാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ തുറന്ന മനസ്സോടുകൂടി ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കാം.

## സബ്മിഷൻ

(1) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് നേരിടുന്ന പ്രതിസന്ധി

പ്രതിപക്ഷ നേതാവ് (ശ്രീ.വി.എസ്. അച്ചുതാനന്ദൻ): നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സംസ്ഥാന സർക്കാരിന്റെ അശാസ്ത്രീയമായ നികുതി വർദ്ധനവുമൂലം വിറ്റഴിക്കാൻ കഴിയാതെ കെട്ടിക്കിടക്കുകയാണ്. ഇത് ഈ സ്ഥാപനത്തിൽ പണിയെടുക്കുന്ന തൊഴിലാളികളെ ആശങ്കാകുലരാക്കിയിട്ടുണ്ട്. ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് 30 ശതമാനംവരെ നികുതി ഈടാക്കുന്നുണ്ട്. എന്നാൽ തമിഴ്നാട്, പശ്ചിമ ബംഗാൾ ഗവൺമെന്റുകൾ ഈ ഉൽപ്പന്നങ്ങൾക്ക് കുറഞ്ഞ നികുതി ഈടാക്കുന്നതുകൊണ്ട് അവരുടെ ഉൽപ്പന്നങ്ങൾക്ക് നല്ല മാർക്കറ്റുണ്ട്. ഈ സാഹചര്യത്തിൽ എട്ടോ പത്തോ ശതമാനം നികുതി ഈടാക്കി സംസ്ഥാന ഗവൺമെന്റിന് ലഭിക്കേണ്ട വരുമാനം ലഭ്യമാക്കാനും ആ സ്ഥാപനത്തെയും അവിടത്തെ തൊഴിലാളികളെയും രക്ഷപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ടി.ടി.പി. ഉല്പന്നങ്ങൾ unique products ആയിരുന്നതുകൊണ്ട് മുൻകാലങ്ങളിൽ ധാരാളം ചെലവുണ്ടായിരുന്നു. ഇപ്പോൾ അത്തരത്തിലുള്ള ധാരാളം പുതിയ കമ്പനികൾ നിലവിൽ വന്നതുകൊണ്ട് വില്പന കുറഞ്ഞതാണ് വരുമാനം കുറയാനിടയാക്കിയത്. ഇതിന്റെ നികുതി 20 ശതമാനമായിരുന്നത് 12 ശതമാനമായും പിന്നീട് 8 ശതമാനമായും കുറച്ചു. നിശ്ചിത കാലാവധി കഴിഞ്ഞപ്പോൾ അത് വീണ്ടും വർദ്ധിപ്പിച്ചു. ഇതിൽ മാറ്റം വരുത്തി വില്പനയുണ്ടാക്കി കമ്പനി നന്നായി നടത്തി ക്കൊണ്ടുപോകുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(2) പാണ്ടിയാർ-പുന്നപ്പുഴയാറിലെ വെള്ളം തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകാനുള്ള ശ്രമം

ശ്രീ. ആര്യാടൻ മുഹമ്മദ്: പാണ്ടിയാർ-പുന്നപ്പുഴയാറിലെ വെള്ളം തമിഴ്നാട്ടിലെ ഗൂഡല്ലൂർ പ്രദേശത്ത് ഡാം കെട്ടി തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുവിടാനുള്ള തമിഴ്നാട് സർക്കാരിന്റെ ശ്രമം ഇന്റർ-സ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ട് ആക്ടിന്റെ ലംഘനം മാത്രമല്ല മലപ്പുറം-കോഴിക്കോട് ജില്ലകളിലെ കുടിവെള്ള വിതരണത്തേയും കൃഷിയേയും വളരെ പ്രതികൂലമായി ബാധിക്കുന്നതുമാണ്. തമിഴ്നാട് സർക്കാരിന്റെ നിയമവിരുദ്ധമായ ഈ ശ്രമം തടയാനാവശ്യമായ നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): 1966-ലെ അന്തർ-സംസ്ഥാന മന്ത്രിതല ചർച്ച അനുസരിച്ച് പുതുക്കിയ ഒരു പ്രോപ്പോസൽ കേരള ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും അത് മുൻകാല ധാരണയുടെ അടിസ്ഥാനത്തിലല്ലാത്തതിനാൽ സ്വീകാര്യമല്ലെന്ന് കേരള സർക്കാർ 24-7-2000-ന് തമിഴ്നാട് മുഖ്യമന്ത്രിക്ക് എഴുതിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ തമിഴ്നാട് പ്രദേശത്ത് നിർമ്മാണം നടക്കുന്ന കനാലിൽകൂടി ഭാവിയിൽ പുന്നപ്പുഴയിൽനിന്ന് വെള്ളം തിരിച്ചുവിടാൻ സാദ്ധ്യതയുണ്ടെന്നുള്ളതുകൊണ്ട് ഗവൺമെന്റ് തലത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. പാണ്ടിയാർ-പുന്നപ്പുഴയിൽ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കരുതെന്ന് കേരള ഹൈക്കോടതി കേരള - തമിഴ്നാട് സർക്കാരുകളോട് നിർദ്ദേശിച്ചിട്ടുണ്ട്.

(3) ചിറയിൻകീഴ് പള്ളിക്കൽ വില്ലേജിൽ ലിജിയ എന്ന സ്ത്രീയുടെ മരണം

ശ്രീ. എൻ. രാജൻ: ചിറയിൻകീഴ് താലുക്കിൽ പള്ളിക്കൽ വില്ലേജിൽ കൊക്കോട്ടുകോണം ഏറത്ത് വീട്ടിൽ ഹാഷിമിന്റെ ഭാര്യ ലിജിയയുടെ മരണത്തിൽ ദുരൂഹതയുള്ളതിനാൽ പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): ഈ കേസിനെക്കുറിച്ച് പോലീസ് വളരെ സംശുദ്ധ മായും കാര്യക്ഷമമായും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. പോലീസ് നടത്തിയ അന്വേഷണത്തിൽ ലിജിയയെ സ്വത്തിനും പണത്തിനുംവേണ്ടി ഭർത്താവ് ഹാഷിം പീഡിപ്പിച്ചതായി വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാനിയമം 498(എ) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടരുകയും 8–7–2002–ൽ ഹാഷിമിനെ അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കുകയും 23–7–02 വരെ റിമാൻഡിൽ പാർപ്പിച്ചിരിക്കുകയുമാണ്. തുടർന്നും ഊർജ്ജിതമായ അന്വേഷണം നടത്തുന്നുണ്ട്.

(4) തൃശൂർ ജില്ലയിലെ കുമ്പഴയിൽ ഫിനോൾ ദുരന്തത്തിനിരയായവർക്ക് ധനസഹായം

ശ്രീ. പി.പി. ജോർജ്: 2002 ജൂൺ 17–ന് തൃശൂർ ജില്ലയിലെ കുമ്പഴയിൽ ഫിനോൾ നിറച്ച ടാങ്കർ ലോറി മറിഞ്ഞ് വിഷവാതകം ശ്വസിച്ചതിനെത്തുടർന്ന് ദുരിതമനുഭവിക്കുന്നവർക്ക് ധനസഹായം നൽകാനും ഇത്തരം ടാങ്കർ ലോറികൾ ഷൊർണൂർ വഴി തിരിച്ചുവിടാനും നടപടി യുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): തൃശൂർ ജില്ലയിലെ കുമ്പഴയിലുണ്ടായ ഫിനോൾ ടാങ്കർ ലോറി അപകടത്തിൽ പരിക്കുപറ്റി ചികിൽസ വേണ്ടിവന്നവർക്ക് ജില്ലാ കളക്ടറുടെ ശുപാർശ പ്രകാരമുള്ള ധനസഹായം എത്രയും വേഗം നൽകാൻ ഏർപ്പാട് ചെയ്യുന്നതാണ്. ഇത്തരം കെമിക്കൽസ് നിറച്ച ടാങ്കർ ലോറികൾ റൂട്ട് മാറ്റി ഓടിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(5) മോഡൽ റെസിഡൻഷ്യൽ സ്കൂൾ കെട്ടിടത്തിന്റെ പണി

ശ്രീ. കെ.വി. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ പെൺകുട്ടികൾ ക്കായുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തിക്കുന്ന വാടകക്കെട്ടിടം ശോചനീയാ വസ്ഥയിലാണ്. പേടകത്ത് പത്ത് ഏക്കർ സ്ഥലം കണ്ടെത്തി മൂന്നര കോടി രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ചുമതല കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചുവെങ്കിലും ഇതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആ കെട്ടിടത്തിന്റെ പണി എത്രയും വേഗം ആരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

പിന്നോക്ക–പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഉദുമ നിയോജക മണ്ഡലത്തിലെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സ്കൂളിന് കെട്ടിടം പണിയുന്നതിനായി ബന്തടുക്ക വില്ലേജിൽ പത്ത് ഏക്കർ സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം നാഷണൽ ഹൈവേയിൽനിന്നും അകലെ ആയതുകൊണ്ട് കുട്ടികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും അസൗകര്യമാണെന്ന് കണ്ടതിനാൽ ചെമ്മനാട് വില്ലേജിൽ ഒരു കെട്ടിട സമുച്ചയത്തിന് 10 ഏക്കർ സ്ഥലം കണ്ടെത്തുക യുണ്ടായി. യാത്രാ സൗകര്യവും ജലലഭ്യതയുമുള്ള ആ സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് റിലീസ് ചെയ്തു കിട്ടിയാൽ ഉടൻ കെട്ടിടം പണി ആരംഭിക്കുന്നതാണ്.

## (6) തലശ്ശേരി പുന്നോൺ റെയിൽവേ ഗേറ്റിൽ ഉണ്ടായ തീവണ്ടി അപകടം

പ്രൊഫ. എ.ഡി. മുസ്തഫ: കഴിഞ്ഞ ജൂൺ മാസം 27– ാം തീയതി തലശ്ശേരി പുന്നോണിലുള്ള 224–ാം നമ്പർ റെയിൽവേ ഗേറ്റിൽ കുടുങ്ങിയ വാനിൽ നേത്രാവതി എക്സ്പ്രസ്സ് തട്ടി ചന്ദ്രോത്ത് നിധീഷ് എന്നയാൾ മരണപ്പെട്ടതിനെത്തുടർന്ന് ഇളയത്തുംകാട്–ശ്രീനാരായണമഠം റോഡ് റെയിൽവേ അധികൃതർ പൂട്ടിയിരിക്കുകയാണ്. ആയതിനാൽ ഈ റോഡ് തുറന്നു കൊടുക്കാനും മരണപ്പെട്ടയാളുടെ ആശ്രിതർക്ക് ധനസഹായം നൽകാനും റെയിൽവേ അധികൃതരോട് ആവശ്യപ്പെടണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): റെയിൽവേ ഗേറ്റിൽവച്ച് കുർള എക്സ്പ്രസ്സും തലശ്ശേരിയിലെ എസ്.എൻ. ഇംഗ്ളീഷ് മീഡീയം സ്ക്കുൾ വക മിനി വാനും കൂട്ടിയിടിച്ച തിനെത്തുടർന്ന് വാൻ ഡ്രൈവർ തൽക്ഷണം മരിക്കുകയും വാനിലുണ്ടായിരുന്ന വിദ്യാർത്ഥി നിസ്സാര പരിക്കുകളോടെ രക്ഷപ്പെടുകയും ചെയ്തു. ഇക്കാര്യത്തിൽ റെയിൽവേ സേഫ്റ്റി കമ്മിഷണറുടെ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം ലഭിക്കുന്നതാണ്. അപകടത്തിൽ മരിച്ചയാളുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യയായി 6000 രൂപയും നിസ്സാര പരിക്കു പറ്റിയ വിദ്യാർത്ഥിയുടെ കുടുംബത്തിന് 2500 രൂപയും റെയിൽവേ നൽകിയിട്ടുണ്ട്. കൂടാതെ കുട്ടിയുടെ ചികിൽസയ്ക്കുള്ള എല്ലാ ചെലവും റെയിൽവേയാണ് വഹിക്കുന്നത്. മരിച്ചയാളുടെ കുടുംബത്തിന് നാലു ലക്ഷം രൂപയോളം ധനസഹായം റെയിൽവേയിൽനിന്ന് ലഭിക്കും. അതിന് എറണാകുളത്തെ റെയിൽവേ ക്ളെയിംസ് ട്രൈബ്യൂണലിന് അപേക്ഷ കൊടുത്താൽ മതിയാകും. റോഡ് തുറക്കുന്നതു സംബന്ധിച്ച് റെയിൽവേ ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

**ക്രമപ്രശ്നം**

## പ്രസംഗങ്ങളുടെ പകർപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കാത്തതു സംബന്ധിച്ച്

ശ്രീ. എ.കെ. ബാലൻ: സഹകരണവകുപ്പുമന്ത്രി നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ പകർപ്പിനുവേണ്ടി അപേക്ഷിച്ചപ്പോൾ നൽകിയ മറുപടിയിൽ ചെയറിന്റെ പേര് പരാമർശിച്ചു കാണുന്നതിനാൽ ഒരു കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മേലിൽ ഒരു അംഗത്തിന് ആ അംഗത്തിന്റെ പ്രസംഗത്തിന്റെ പകർപ്പു മാത്രമേ നൽകാവൂവെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ഉത്തരവിട്ടിരിക്കുന്നതിനാൽ പ്രസംഗത്തിന്റെ പകർപ്പ് തരാൻ നിർവ്വാഹമില്ലെന്ന് സെക്രട്ടറിക്കു വേണ്ടി ചീഫ് എഡിറ്റർ അറിയിച്ചിരിക്കുന്നു. ഇത് നിയമസഭാ നടപടിച്ചട്ടം 266–ന് വിരുദ്ധമായ തിനാൽ ഇക്കാര്യം പരിശോധിക്കണം.

മി. സ്പീക്കർ: കറക്റ്റഡ് കോപ്പി മാത്രമേ നൽകാവൂയെന്നും കറക്ട് ചെയ്യുന്നതിനു മുൻപ് കൊടുക്കാൻ പാടില്ലെന്നും പറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഈ മറുപടി നൽകിയതാരാണെന്നുള്ള കാര്യം പരിശോധിക്കാം.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിച്ചു.

## ധനകാര്യം

### 2002–2003 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XXII – നഗരവികസനം
(1,94,89,21,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV – പഞ്ചായത്ത്
(7,28,05,17,000 രൂപ)

ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം
(1,28,37,30,000 രൂപ)

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): നഗരവികസനം എന്ന XXII -ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(സർവ്വശ്രീ മാങ്കോട് രാധാകൃഷ്ണൻ, എൻ. രാജൻ, പി.എസ്. സുപാൽ, കെ.പി. രാജേന്ദ്രൻ, ബിനോയ് വിശ്വം, മഞ്ഞളാംകുഴി അലി, കെ.പി. സതീശ് ചന്ദ്രൻ, കോടിയേരി ബാലകൃഷ്ണൻ, ടി.കെ. ബാലൻ, എം.വി.ജയരാജൻ, പി.ജയരാജൻ, മത്തായി ചാക്കോ, കെ.പി. മോഹനൻ, സി.കെ. നാണു, എ.സി.ഷൺമുഖദാസ്, കെ.വി. കുഞ്ഞിരാമൻ, ടി.കെ. ദേവകുമാർ, വി. ചെന്താമരാക്ഷൻ, എ.എ. അസീസ്, വി.സി.കബീർ, ടി.പി. രാമകൃഷ്ണൻ, കെ. രാധാകഷ്ണൻ, പിരപ്പൻകോട് മുരളി, വി.കെ.സി. മമ്മത് കോയ, ഡോ. തോമസ് ഐസക് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. എം.വി. ജയരാജൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു അധികാര വികേന്ദ്രീകരണ ത്തിലെ പോരായ്മകൾ പരിഹരിക്കുമെന്ന് വകുപ്പുമന്ത്രി പ്രഖ്യാപിച്ചെങ്കിലും ട്രഷറി നിയന്ത്രണവും മറ്റും കാരണം പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകേണ്ട വിഹിതത്തിന്റെ ഒന്നാം ഗഡു പോലും കൊടുത്തിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതികൾ ക്കുള്ള 40 കോടിരൂപ ഗവൺമെന്റ് തിരിച്ചുപിടിച്ചിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ മേഖലയിൽ നിലനിന്നിരുന്ന അധികാരം കവർന്നെടുത്തിരിക്കുന്നു. ഏജന്റുമാർ കൊടുക്കുന്ന ലിസ്റ്റ് പ്രകാരമാണ് തദ്ദേശ സ്വയംഭരണ വകുപ്പിൽ സ്ഥലം മാറ്റങ്ങൾ നടപ്പിലാക്കുന്നത്. പ്യൂൺ മുതൽ ഹെഡ്ക്ലാർക്കു വരെയുള്ള തസ്തികകൾക്കുപോലും ഘട്ടംഘട്ടമായി പ്രത്യേകം ട്രാൻസ്ഫർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നു. പഞ്ചായത്തുകളിൽ ജീവനക്കാരുടെ ട്രാൻസ്ഫർ സംബന്ധിച്ച് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ പാസ്സാക്കുന്ന റെസലൂഷൻപോലും വകുപ്പുമന്ത്രി അംഗീകരി ക്കുന്നില്ല . ട്രാൻസ്ഫർ ഓർഡറുകൾ പുറപ്പെടുവിക്കുന്നതിന്റെ മറവിൽ 50 ലക്ഷം രൂപയാണ് ബഹുമാനപ്പെട്ട മന്ത്രി കൈക്കൂലി വാങ്ങിയിട്ടുള്ളത്. ട്രാൻസ്ഫർ ഓർഡറുകളെ ചോദ്യം ചെയ്തുകൊണ്ടുള്ള നിരവധി കേസ്സുകൾ ഹൈക്കോടതിയിലുണ്ട്. ഇപ്പോൾ പഞ്ചായത്തുകളിലെ ഒഴിവുകൾ നികത്തുന്നില്ല. പഞ്ചായത്തുകളുടെ വികസനത്തിനുവേണ്ടി ഏറ്റെടുക്കുന്ന ഭൂമികൾക്ക് സ്റ്റേ നൽകുന്നതിന്റെ പേരിൽ ലക്ഷക്കണക്കിനു രൂപയുടെ അഴിമതി നടക്കുന്നു. കോഴിക്കോട് കോർപ്പറേഷനിൽ ബസ് സ്റ്റാൻഡ് നവീകരണത്തിനുവേണ്ടി ഏറ്റെടുക്കാൻ തീരുമാനിച്ച സ്ഥലത്തിനും നടക്കാവ് ഭാഗത്ത് ദേശീയപാതയുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ ഏറ്റെടുക്കാൻ തീരുമാനിച്ച സ്ഥലത്തിനും സ്റ്റേ നൽകിയിരിക്കുകയാണ്. അഴീക്കോട് പഞ്ചായത്തിലും ചൊക്ക്ളി പഞ്ചായത്തിലും അക്വിസിഷൻ

നടപടി കാൻസൽ ചെയ്തിരിക്കുന്നു. തിരുവനന്തപുരത്ത് പി.എം.ജി. ജംഗ്ഷനിൽ 4,000 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ 40 ലക്ഷം രൂപ ചെലവു വരുന്ന പണിതുകൊണ്ടിരിക്കുന്ന ഇരുനിലക്കെട്ടിടം ആരുടെ പേരിലാണെന്ന് വ്യക്തമാക്കണം. മന്ത്രിയുടെ മകന്റെ പേരിൽ കാസർഗോഡ് ആരംഭിച്ചിട്ടുള്ള സയൻസ് ആന്റ് ടെക്നോളജി സ്ഥാപനം ഏജന്റുമാർ മുഖാന്തിരം പിരിച്ച പണമുപയോഗിച്ചാണ് സ്ഥാപിച്ചിരിക്കുന്നത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്വതന്ത്ര ഭാരതത്തിലെ നിശബ്ദ വിപ്ളവമായിട്ടാണ് 73, 74 ഭരണഘടനാ ഭേദഗതികളെ കണക്കാക്കിയിരുന്നത്. ത്രിതല പഞ്ചായത്തുകൾക്ക് ഭരണഘടനാപരമായ പരിരക്ഷ നൽകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരങ്ങൾ കൈമാറുകയും ചെയ്തത് വളരെ പ്രതീക്ഷയോടുകൂടിയായിരുന്നുവെങ്കിലും, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വൻ നേട്ടമായി കൊട്ടിഘോഷിച്ച ജനകീയാസൂത്രണ പ്രക്രിയ ചർച്ചകളും സംവാദങ്ങളും സെമിനാറുകളും മാത്രമായി ഒതുങ്ങുകയാണുണ്ടായത്. പ്രചരണ ഘട്ടത്തിൽനിന്നും വ്യവസ്ഥാപിത ഘട്ടത്തിലേയ്ക്ക് പോകാൻ അവർക്ക് കഴിഞ്ഞില്ല. ശാസ്ത്രീയമായ ആസൂത്രണത്തിനോ, വിജയകരമായ പദ്ധതി നിർവ്വഹണത്തിനോ അവർ കാര്യമായി ശ്രദ്ധിച്ചില്ല. കരാറുകാരുടെ ചൂഷണത്തിന് അറുതി വരുത്താൻവേണ്ടി രൂപീകരിക്കപ്പെട്ട ഉപഭോക്തൃ സമിതികൾ അഡ്വാൻസ് വാങ്ങുന്ന കാര്യത്തിൽ കാണിച്ച ആവേശം പണികൾ നടത്തുന്നതിൽ കാണിച്ചിരുന്നില്ല. പണവുമായി മുങ്ങിയ ഉപഭോക്തൃ സമിതി നേതാക്കളെ കണ്ടുപിടിച്ച് അവരുടെ പേരിൽ കർശന നടപടി കൈക്കൊള്ളണം. 1997 മുതൽ നാലു വർഷക്കാലയളവിൽ ത്രിതല പഞ്ചായത്തുകൾക്ക് 3764 കോടി രൂപ വിതരണം ചെയ്തുവെന്ന് അവകാശപ്പെടുന്നുവെങ്കിലും, ആ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല. ടാർജറ്റ് ഇടുകയല്ലാതെ ലക്ഷ്യമിട്ട നേട്ടങ്ങൾ കൈവരിക്കാൻ മുൻ കാലങ്ങളിൽ കഴിഞ്ഞിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിൽ ജനകീയാസൂത്രണത്തിന്റെ പേരിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നടന്ന അഴിമതിയേയും ധൂർത്തിനേയും കെടുകാര്യസ്ഥതയേയുംപറ്റി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. കുടുംബശ്രീ പദ്ധതി വ്യാപിപ്പിച്ചതും കമ്പ്യൂട്ടർവത്കരണം നടത്തിയതും പെർഫോമൻസ് ആഡിറ്റ് ശക്തമാക്കിയതും നഗര വികസന നയത്തിന് രൂപം കൊടുത്തതും ജനപങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തതും കുടുംബസംഗമ പദ്ധതിയുമൊക്കെ ഈ സർക്കാരിന്റെ ലക്ഷ്യബോധത്തോടുകൂടിയുള്ള മുന്നേറ്റത്തിന് തെളിവാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹമായ വിഹിതം തക്ക സമയത്ത് ലഭ്യമാക്കണം. ട്രഷറി നിയന്ത്രണം ഒരു സാഹചര്യത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രക്രിയയ്ക്ക് തടസ്സം ആകരുത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിപാടികൾ വിജയകരമായി നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസം ഉടനടി നടത്തണം. നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക വിദഗ്ദ്ധരുടെ സഹായം ലഭ്യമാക്കണം. സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിലെ വൈരുദ്ധ്യങ്ങൾ മാറ്റണം. പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പുപ്രകാരമുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കാനും കെട്ടിട നികുതിയിലും വസ്തു നികുതിയിലും കാലാനുസൃതമായ മാറ്റം

വരുത്താനും നടപടി സ്വീകരിക്കണം. തൊഴിൽ നികുതി, പരസ്യ നികുതി തുടങ്ങിയവയിലൂടെ ഗണ്യമായ വിഭവ സമാഹരണം നടത്തിയും ധനകാര്യ സ്ഥാപനങ്ങളുമായി ലിങ്കേജ് ഉണ്ടാക്കിയും പദ്ധതികൾ നടപ്പിലാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാരുടെ തെരഞ്ഞെടുപ്പ് നേരിട്ട് നടത്തുന്ന കാര്യം പരിഗണിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാൻ ഫലപ്രദമായ സംവിധാനമുണ്ടാകണം. പഞ്ചായത്ത് രാജ്–നഗരപാലികാ സംവിധാനം കൂടുതൽ അർത്ഥ പൂർണ്ണവും ഫലപ്രദവുമാക്കാൻ ആവശ്യമായ നിയമഭേദഗതി വരുത്താൻ സർക്കാർ മുൻകൈയെടുക്കണം. ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ പരിശീലനം കൊടുക്കണം. 'കില' (KILA) യിൽ മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ അനധികൃത നിയമനങ്ങൾ റദ്ദാക്കി അർഹരായവർക്ക് നിയമനം നൽകുകയും അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യണം. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അവിടെ നടത്തിയിട്ടുള്ള നിയമനങ്ങളെയും ക്രമക്കേടുകളെയുംപറ്റി അന്വേഷണം നടത്താൻ നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തണം. അഖിലേന്ത്യാ തലത്തിൽ പ്രശസ്തമായ കിലയെ ഒരു ഡീംഡ് യൂണിവേഴ്സിറ്റിയാക്കാൻ സർക്കാർ മുൻകൈ എടുക്കണം. നഗരങ്ങളിലെ ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് സമഗ്രമായ ഒരു മാലിന്യ സംസ്ക്കരണ പദ്ധതിക്ക് രൂപം നൽകണം. ചേരി നിർമ്മാർജ്ജനം, നഗരാസൂത്രണം തുടങ്ങിയ കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം. പുതുതായി രൂപീകരിക്കപ്പെട്ട തൃശൂർ– കൊല്ലം കോർപ്പറേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ധനസഹായം നൽകണം. റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കണം. സൂപ്പർ മാർക്കറ്റുകൾക്ക് ധനസഹായം നൽകണം. ഈ വർഷം ഓണച്ചന്തകൾ ആരംഭിക്കുമ്പോൾ തൃശൂർ ഒരു കോർപ്പറേഷനായ കാര്യം കൂടി ഓർമ്മിക്കണം.

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭക്ഷ്യോല്പാദന രംഗത്ത് കമ്മി സംസ്ഥാനമെന്ന നിലയിൽ 1965–ൽ ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം അനുവദിക്കപ്പെട്ടത്. ഭക്ഷ്യവിതരണരംഗം അഭിമുഖീകരിക്കുന്ന കടുത്ത പ്രതിസന്ധി പരിഹരിക്കാൻ കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നുമാത്രമല്ല കഴിഞ്ഞ ഗവൺമെന്റ് ഭക്ഷ്യവിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ ഇല്ലായ്മ ചെയ്യുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. കേന്ദ്രഗവൺമെന്റ് റേഷൻ സബ്സിഡി പിൻവലിച്ചതും റേഷൻ കർഡുടമകളെ എ.പി.എൽ, ബി.പി.എൽ എന്ന് വേർതിരിച്ച് റേഷൻ സാധനങ്ങൾക്ക് വില നിശ്ചയിച്ചതും റേഷൻ വിതരണരംഗത്തെ ശക്തമായി ബാധിച്ചിരിക്കുകയാണ്. റേഷൻ വാങ്ങാൻ ആളില്ലാത്തതുകൊണ്ട് ആയിരക്കണക്കിന് റേഷൻ വ്യാപാരികൾ തങ്ങളുടെ റേഷൻകട ലൈസൻസ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ച് സർക്കാരിനോടുള്ള പ്രതിഷേധം രേഖപ്പെടുത്തുകയാണ്. കഴിഞ്ഞ ഗവൺമെന്റ് റേഷനരിക്ക് 2 രൂപ സബ്സിഡി ഏർപ്പെടുത്തിക്കൊണ്ട് റേഷൻ വിതരണം തുടരാൻ നടപടി സ്വീകരിച്ചു. എന്നാൽ ഈ ഗവൺമെന്റ് ഒരു നയാപൈസ പോലും സബ്സിഡി നല്കുവാൻ തയ്യാറായിട്ടില്ല. ഗോതമ്പ്

കുംഭകോണത്തെ സംബന്ധിച്ചും ധാന്യങ്ങൾ വാങ്ങിയതിലുള്ള അഴിമതിയെക്കുറിച്ചുമുള്ള അന്വേഷണത്തിന്റെ വിശദാംശം സഭയിൽ വ്യക്തമാക്കണം. എഫ്.സി.ഐ. യിൽ നിന്നും ക്വാളിറ്റി കുറഞ്ഞ അരിയാണ് റേഷൻ കടക്കാർക്ക് വിതരണം ചെയ്യുന്നത്. എഫ്.സി.ഐ. ക്ക് കൊടുത്തിരിക്കുന്ന വിവേചനാധികാരത്തിന്റെ മറവിൽ നടത്തുന്ന അഴിമതികളേയും ക്രമക്കേടുകളേയും സംബന്ധിച്ച് ഗവൺമെന്റ് അടിയന്തിരമായി അന്വേഷിക്കണം. സംസ്ഥാനത്തെ റേഷൻകടകളിലൂടെ ഗുണനിലവാരമുള്ള അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവ വിതരണം ചെയ്യണം.

<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനകീയാസൂത്രണ പദ്ധതിയുടെ ലക്ഷ്യം ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള പ്രാദേശിക വികസനമാണ്. എന്നാൽ അധികാരവികേന്ദ്രീകരണത്തിലുപരി അഴിമതിയുടെ പ്രാദേശികവൽക്കരണമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയത്. മോണിറ്ററിംഗ് കമ്മിറ്റികളെ നോക്കുകുത്തികളാക്കി. പെർഫോമൻസ് ആഡിറ്റും ടെക്നിക്കൽ ആഡിറ്റും നടത്തുകയോ ഓംബുഡ്സ്മാന്റെ പരിഗണനയിലുള്ള കേസുകൾക്ക് തീർപ്പു കല്പിക്കുകയോ മുൻ ഗവൺമെന്റ് ചെയ്തില്ല. പൂർണ്ണമായ ആഡിറ്റിംഗ് കഴിഞ്ഞാലേ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ അഴിമതിയുടെ ആഴവും പരപ്പും മനസ്സിലാക്കാൻ സാധിക്കുകയുള്ളു. പദ്ധതി പണത്തിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്താൻ ഈ സർക്കാരിന് കഴിയണം. വികസന പ്രവർത്തനങ്ങൾക്ക് ബിനാമി സംവിധാനം അവസാനിപ്പിക്കുന്നതിനും സ്വകാര്യ പങ്കാളിത്തത്തോടെ അവ നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിദഗ്ദ്ധസമിതികളെ ഒഴിവാക്കുന്നതിനും ഓംബുഡ്സ്മാന്റെ എണ്ണം കുറയ്ക്കുന്നതിനുമൊക്കെയുള്ള തീരുമാനങ്ങൾ സ്വാഗതാർഹമാണ്. പത്താം പഞ്ചവൽസര പദ്ധതിയിൽ കൃഷിയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്കും പരമ്പരാഗത മേഖലകൾക്കും പ്രത്യേക പ്രാധാന്യം നൽകിയിരിക്കുന്നത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കും. ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി ആവശ്യമില്ലാത്ത കോഴ്സുകൾ നടത്തി കോടിക്കണക്കിന് രൂപ ദുർവിനിയോഗം ചെയ്യുന്നത് അവസാനിപ്പിക്കണം. സ്വയം തൊഴിൽ കണ്ടെത്താനുതകുന്നതും ഗവൺമെന്റ് അംഗീകാരമുള്ളതുമായ കോഴ്സുകൾക്ക് മാത്രമേ അനുമതി നൽകാവൂ. ഗ്രാമശ്രീ മാതൃകയിലുള്ള ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളും ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് മുൻഗണന നൽകുന്നതും ജില്ലാതല ടെക്നിക്കൽ കമ്മിറ്റികളുടെ അദ്ധ്യക്ഷനായി ജില്ലാകളക്ടർമാരെ നിയമിച്ചതും സ്വാഗതാർഹമാണ്. ജില്ലാതല കോ-ഓർഡിനേറ്റർമാരെ ഏകകണ്ഠമായി തെരഞ്ഞെടുക്കണമെന്ന വ്യവസ്ഥ അപ്രായോഗികമായതിനാൽ ഏകകണ്ഠമെന്നത് ഭൂരിപക്ഷാടിസ്ഥാനത്തിൽ എന്നു ഭേദഗതി ചെയ്യണം. ഇന്ത്യയിൽ ആദ്യമായി ഒരു നഗരവികസന നയത്തിനു രൂപം കൊടുത്ത സംസ്ഥാനം കേരളമാണ്. സ്വകാര്യ പങ്കാളിത്തത്തോടെയുള്ള നഗര വികസന പദ്ധതികൾ സംസ്ഥാനത്തെ വികസനരംഗത്ത് വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കും. 31-3-2002 വരെയുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ഗ്രാമപഞ്ചായത്തുകൾ നികുതി കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കണം. കെട്ടിട നികുതി

പരിഷ്ക്കരിക്കണം. വിവിധ ഓഫീസുകളിൽ അധികമായുള്ള ജീവനക്കാരെ സമയബന്ധിതമായി പുനർവിന്യസിക്കണം. ഗ്രാമസഭകളിൽ പൊതുജനപങ്കാളിത്തം 25 ശതമാനമെങ്കിലും ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ പ്രായോഗികമല്ലാത്തതിനാൽ അതിൽ ഭേദഗതി വരുത്തണം. ഗ്രാമസഭകൾ കൂടുന്നതിനുളള കാലാവധി 6 മാസമായി വർദ്ധിപ്പിക്കണം. മുനിസിപ്പൽ കൗൺസിൽ മെമ്പർമാർക്ക് നൽകുന്നതുപോലെ പഞ്ചായത്ത് മെമ്പർമാർക്കും പെൻഷൻ നൽകണം. ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് 1997-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ട്രഷറിയിൽ അടച്ച തുകയ്ക്ക് ഫോട്ടോകോപ്പിയർ വാങ്ങി നൽകുകയോ അല്ലെങ്കിൽ തുക തിരിച്ചു നൽകുകയോ ചെയ്യണം. റൂറൽ ഡവലപ്മെന്റ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. പുതിയ റേഷൻ കാർഡ് കൃത്യസമയത്ത് വിതരണം ചെയ്തതിനും പ്രവാസി മലയാളികളുടെ പേരു കൂടി റേഷൻ കാർഡിൽ ഉൾപ്പെടുത്തിയതിനും ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. സ്മാർട്ട് കാർഡ് ഇറക്കിയത് സ്വാഗതാർഹമാണ്.

<u>ശ്രീ. മാമ്മൻ മത്തായി</u>: ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഏറ്റവുമധികം അഴിമതിയും സ്വജനപക്ഷപാതവും അധികാര ദുർവിനിയോഗവും നടന്നത് തദ്ദേശ സ്വയംഭരണ വകുപ്പിലാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടോ യെന്നു മോണിറ്റർ ചെയ്യുന്നതിനു രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നു മാത്രമല്ല ചെയ്ത വർക്കുകളുടെ പണം വാങ്ങണമെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിക്ക് കൈക്കൂലി കൊടുക്കണമെന്ന അവസ്ഥയാണുണ്ടായിരിക്കുന്നത്. ജനകീയാസൂത്രണ ത്തിന്റെ ഫലമായുണ്ടായ ഇത്തരം ദുഷ്പ്രവണതകൾ അവസാനിപ്പിക്കണം. കഴിഞ്ഞ 5 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ നടപ്പിലാക്കിയ വർക്കുകളുടെ ആഡിറ്റ് റിപ്പോർട്ടൊന്നും സഭയുടെ മുമ്പാകെ വന്നിട്ടില്ല. റാന്നി നിയോജക മണ്ഡലത്തിൽനിന്നു പെറ്റീഷൻ കമ്മിറ്റിക്ക് കിട്ടിയ രണ്ട് പരാതികൾ സമിതി പരിശോധിച്ചപ്പോൾ മനസ്സിലായത് ജനകീയാസൂത്രണ പദ്ധതിയിൽ ചെറുകിട വ്യവസായ യൂണിറ്റ് തുടങ്ങുന്നതിന് ധനസഹായം നേടിയെടുത്തവർ ആ യൂണിറ്റുകൾ ആരംഭിച്ചില്ല എന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ജനകീയാസൂത്രണത്തിനുവേണ്ടി 3200 കോടി രൂപ നൽകിയെങ്കിലും ആയിരം കോടി രൂപയുടെ നേട്ടങ്ങൾപോലുമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇടുക്കി ജില്ലയിൽ ഭവനനിർമ്മാണത്തിന് സഹായം ലഭിച്ചവരിൽ 330 പേർ അർഹതയില്ലാത്തവരാണ്. ജനകീയാസൂത്രണ പദ്ധതിയുടെ പേരിൽ അഴിമതി കാണിച്ച സെക്രട്ടറിമാരുടെ പേരിൽ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കണം. ജനകീയാസൂത്രണ പദ്ധതി സുതാര്യമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. ജോണി നെല്ലൂർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അധികാര വികേന്ദ്രീകരണം നടപ്പാക്കിയതിന്റെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നിലവിലുള്ള പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷനുകളുടെ പ്രവർത്തനങ്ങൾ സമഗ്രമായി വിലയിരുത്തണം. ജനകീയാസൂത്രണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻ ഗവണ്മെന്റിന്റെ

ഭരണകാലത്ത് അന്നത്തെ പ്രതിപക്ഷം ഉന്നയിച്ചിരുന്ന ആരോപണങ്ങൾ ഒന്നുംതന്നെ അന്വേഷിക്കാൻ അന്നത്തെ ഗവണ്മെന്റ് കൂട്ടാക്കിയിരുന്നില്ല. അവയെല്ലാം അന്വേഷിക്കുന്നതോടൊപ്പം പദ്ധതി പ്രവർത്തനങ്ങൾ സുതാര്യമാക്കുകയും വേണം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം കർക്കശമായി നടപ്പാക്കണം. ചെറുകിട കച്ചവടക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട ലൈസൻസ് ഫീ യഥാസമയം ഒടുക്കിയില്ലെങ്കിൽ 10,000 രൂപ വരെ പിഴ ഈടാക്കാനും പിന്നീട് അത് 2500 രൂപയായി കോമ്പൗണ്ട് ചെയ്തു കൊടുക്കാനും കഴിയുന്ന വിധത്തിലുള്ള നിലവിലുള്ള നിയമം ഭേദഗതി ചെയ്യണം. കള്ള് ഷാപ്പുകളും വിദേശ മദ്യഷാപ്പുകളും അനുവദിക്കുന്നതിനും അതുവഴി തനതായ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിരുന്ന അധികാരം പുനഃസ്ഥാപിക്കണം. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കിയ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ തുക വർദ്ധിപ്പിക്കുന്നതിനും റേഷൻ കാർഡുകൾ കിട്ടാത്ത സ്ഥലങ്ങളിൽ അവ അടിയന്തിരമായി ലഭ്യമാക്കുന്നതിനും കാർഡിൽ ഉൾപ്പെടുത്താൻ വിട്ടുപോയവരുടെ പേരുകൾ ഉൾപ്പെടുത്തുന്നതിന് ജനപ്രതിനിധികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ അംഗീകരിക്കുന്നതിനും നടപടികളുണ്ടാകണം. കേന്ദ്ര ഗവണ്മെന്റിന്റെ ഭക്ഷ്യനയത്തിൽ സമൂലമായ മാറ്റം വരുത്തുന്നതിന് ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

<u>ശ്രീ. കെ.കെ. ഷാജു</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവണ്മെന്റിന്റെ തെറ്റായ നയങ്ങൾമൂലം പൊതുവിതരണ രംഗത്തുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് ഈ ഗവണ്മെന്റിന് സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. ഭക്ഷ്യോപദേശക സമിതി 1997–നു ശേഷം യോഗം ചേർന്നത് ഈ ഗവണ്മെന്റ് വന്നതിനുശേഷമാണ്. ഗോതമ്പ്, പഞ്ചസാര, പച്ചരി എന്നിവ ഗുണമേന്മയോടെയും കൃത്യമായും വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. റേഷൻ കടകൾ വഴിയുള്ള മണ്ണെണ്ണയുടെ അലോട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. റേഷൻ കാർഡ് വിതരണവും മാവേലി സ്റ്റോറുകളുടെ പ്രവർത്തനവും കുറ്റമറ്റതാക്കാൻ സാധിച്ചതും സ്മാർട്ട് കാർഡ് സമ്പ്രദായം ഏർപ്പെടുത്തിയതും നൂറ് ലാഭം സ്റ്റോറുകൾ ആരംഭിച്ചതും സ്വാഗതാർഹമാണ്. മുൻ ഗവണ്മെന്റിന്റെ ഭരണകാലത്ത് ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിൽ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടായിരുന്നു. പദ്ധതികൾ ഏഴ് തട്ടുകളിൽ ചർച്ച ചെയ്തു കരടു രൂപമാക്കുന്നതിനുതന്നെ പത്തുകോടി രൂപയിലധികം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് സംവിധാനത്തെ നോക്കുകുത്തിയാക്കുന്ന വിദഗ്ദ്ധസമിതികളെ പിരിച്ചുവിടാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ആദ്യം ഗ്രാമ സമിതികളും പിന്നീട് പഞ്ചായത്ത് സമിതികളും ചർച്ച ചെയ്ത് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് പഞ്ചായത്തീ രാജ് സംവിധാനത്തിലൂടെ ജനകീയാസൂത്രണവും വികസന പ്രവർത്തനങ്ങളും വിജയകരമായി നടപ്പാക്കിയെങ്കിൽ ഈ ഗവണ്മെന്റ് കഴിഞ്ഞ ഒരു വർഷത്തെ

പ്രവർത്തനം കൊണ്ട് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ പഞ്ചേന്ദ്രിയങ്ങൾ വരെ തകർക്കുകയാണ് ചെയ്തത്. പഞ്ചായത്തുവകുപ്പിൽ രാഷ്ട്രീയ വൈരനിര്യാതനബുദ്ധിയോടെയുള്ള സ്ഥലംമാറ്റങ്ങൾ യഥേഷ്ടം നടത്തിക്കൊണ്ടിരിക്കുന്നു. മങ്കട നിയോജകമണ്ഡലത്തിൽമാത്രം
നൂറിലധികം പേരെ സ്ഥലംമാറ്റിയിട്ടുണ്ട്. ജനങ്ങൾ തെരഞ്ഞെടുത്ത പഞ്ചായത്ത് സമിതികളെ നോക്കുകുത്തിയാക്കി മാറ്റിയിരിക്കുന്നു. രേഖകളിൽ കൃത്രിമം കാണിച്ച് അഴിമതി നടത്തുന്നു. ഇന്റേണൽ ആഡിറ്റ് കാര്യക്ഷമമായി നടപ്പാക്കണം. സർക്കാർതല പരിപാടികളിൽ പ്രതിപക്ഷ എം.എൽ.എ.മാർക്ക് അയിത്തം കല്പിക്കുന്നു. എന്റെ നിയോജക മണ്ഡലത്തിൽവച്ച് നടക്കുന്ന ഔദ്യോഗിക പരിപാടികളിൽ എം.എൽ.എ. എന്ന നിലയിൽ എന്നെ ക്ഷണിക്കാതിരിക്കുന്ന സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കണം.

ശ്രീ.കെ.മുഹമ്മദാലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ പൊതു വിതരണ ശൃംഖല കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് വകുപ്പുമന്ത്രിക്ക് കഴിയുന്നുണ്ട്. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് പുതിയ റേഷൻ കാർഡുകൾ വിജയകരമായി വിതരണം ചെയ്യുന്നതിന് സാധിച്ചു. മാവേലി സ്റ്റോറുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ് തടയാൻ കഴിഞ്ഞു. പൊതുവിതരണ ശൃംഖല കൂടുതൽ ശക്തി പ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തണം. ഗുണമേന്മയുള്ള സാധനങ്ങൾ റേഷൻകടകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും വിതരണം ചെയ്യണം. റേഷൻകടകളി ലൂടെയും കേന്ദ്രാവിഷ്ക്കൃത പദ്ധതിപ്രകാരവും വിതരണം ചെയ്യേണ്ട അരി പൊതുമാർക്കറ്റിലേയ്ക്ക് ഒഴുകുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണം. അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യ മാക്കുന്നതിന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റും വഹിച്ച പങ്ക് പ്രതിപക്ഷം വിസ്മരിക്കരുത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി മുൻ യു.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റിൽ നീക്കിവച്ച തുകപോലും വിതരണം ചെയ്യാൻ തുടർന്ന് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ല. ത്രിതല പഞ്ചായത്തുകൾക്ക് കൊടുത്ത പല അധികാരങ്ങളും കവർന്നെടുക്കുന്നതിനാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളത്. കവർന്നെടുത്ത അധികാരങ്ങൾ ത്രിതല പഞ്ചായത്തുകൾക്ക് തിരിച്ചുകൊടുക്കണം. കോർപ്പറേഷൻ മേയർമാരേയും മുനിസിപ്പൽ ചെയർമാന്മാരേയും പഞ്ചായത്ത് പ്രസിഡന്റുമാരേയും നേരിട്ട് തെരഞ്ഞെടുക്കുന്ന സംവിധാനം കേരളത്തിൽ പ്രാവർത്തികമാക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ക്രമക്കേടുകളെ സംബന്ധിച്ച് പരിശോധിച്ച് കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണം. ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ വിതരണം ചെയ്യുന്നതിന് ത്രിതല പഞ്ചായത്തുകളിൽനിന്ന് ഗവൺമെന്റ് വാങ്ങിയ പണം പലിശസഹിതം തിരിച്ചു കൊടുക്കണം. ത്രിതല പഞ്ചായത്തുകളുടെ തനത് ഫണ്ട് അടിയന്തിരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പര്യാപ്തമാക്കണം. നമ്മുടെ സംസ്ഥാനത്ത് വികസന അതോറിറ്റികൾ നിലനിറുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. വിശാല കൊച്ചി വികസന അതോറിറ്റിക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കണം.

<u>ശ്രീ. എൻ. ശക്തൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിളപ്പിൽശാല ചവർ സംസ്ക്കരണശാല തദ്ദേശവാസികൾക്ക് ഒരു തീരാശാപമായി മാറിയിരിക്കുകയാണ്. അവിടെ നിക്ഷേപിക്കുന്ന മാലിന്യങ്ങളിൽനിന്ന് ഉത്ഭവിക്കുന്ന ദുർഗ്ഗന്ധവും ഈച്ചശല്യവും ആ പ്രദേശത്തെ ജനങ്ങളുടെ ജീവിതം നരകതുല്യമാക്കി മാറ്റിയിരിക്കുന്നു. അവിടെ അധിവസിക്കുന്ന ജനങ്ങൾ ത്വക്രോഗ-പകർച്ചവ്യാധി ഭീഷണികൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ആ ഫാക്ടറി അവിടെ സ്ഥാപിതമായതിനുശേഷം ആസ്മാ പോലുള്ള ശ്വാസകോശ സംബന്ധമായ മാരകമായ രോഗങ്ങൾ ആ പഞ്ചായത്തിലെ ജനങ്ങൾക്ക് ഉണ്ടാകുന്നു. നാട്ടുകാർ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. ജോർജ് ജെ. മാത്യു ചെയർമാനായിരുന്ന നിയമസഭാ പരിസ്ഥിതി സമിതി, സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഫാക്ടറി അവിടെ തുടർന്നാൽ ഉണ്ടാകാവുന്ന ദോഷവശങ്ങളെക്കുറിച്ച് റിപ്പോർട്ട് നൽകുമെന്ന് പ്രതീക്ഷിക്കുന്നു. തിരുവനന്തപുരം സിറ്റിയിലെ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് 40 ലക്ഷംരൂപ വീതം ചെലവുവരുന്ന മിനി പ്ലാന്റുകൾ നാല് സ്ഥലങ്ങളിലായി സ്ഥാപിച്ച് അന്നന്നുള്ള മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ബോംബെയിലെ 'എക്സെൽ' എന്ന കമ്പനിക്ക് ടെന്റർ കൊടുത്തുവെങ്കിലും പിന്നീട് അത് കോർപ്പറേഷൻപോലും അറിയാതെ 9 കോടി 60 ലക്ഷം രൂപയ്ക്ക് പോബ്സൺ കമ്പനിക്ക് വിറ്റു. യഥാർത്ഥത്തിൽ ഒരു കോടി അറുപതു ലക്ഷം രൂപ ചെലവുള്ള പാളാന്റിന് 9 കോടി രൂപ ചെലവായിയെന്നു പറയുന്നതിൽ നിന്നുതന്നെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാല്ത്ത് 5 കോടി രൂപയുടെ അഴിമതി ഇതിന്റെ പേരിൽ നടന്നുവെന്ന് വ്യക്തമാകും. ബി.ഒ.ടി. സ്കീമിലാണ് ആ ഫാക്ടറി സ്ഥാപിച്ചതെന്ന് പറയുന്നത് ശരിയല്ല. എഗ്രിമെന്റ് അനുസരിച്ച് ഒരു ദിവസം 300 ടൺ ചവറ് കൊടുത്തില്ലെങ്കിൽ 49,000 രൂപ നഷ്ടപരിഹാരം നൽകണം. ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുമ്പോൾ പലിശ സഹിതം 1500 ലക്ഷം രൂപ നഷ്ടപരിഹാരമായി കൊടുക്കേണ്ടി വരുമെന്നതിനാൽ അടിയന്തിരമായി എഗ്രിമെന്റിൽ നിന്ന് ആ ക്ലാസ്സ് നീക്കം ചെയ്യണം. അവിടെ സ്ഥാപിച്ചിട്ടുള്ളത് 150 ടൺ സംസ്കരണ ശേഷിയുള്ള പ്ലാന്റാണ്. എന്നാൽ 300 ടൺ ചവറ് എത്തിക്കണമെന്ന രീതിയിലാണ് എഗ്രിമെന്റ് ഉണ്ടാക്കിയിരിക്കുന്നത്. അവിടെ നിർമ്മിക്കുന്ന വളം കൃഷിക്ക് ഉപയുക്തമല്ലെന്നാണ് വിദഗ്ദ്ധ അഭിപ്രായം. അത് സർക്കാർ ഏറ്റെടുക്കുന്നതിന് സമ്മർദ്ദം ചെലുത്തുന്നുണ്ട്. സ്വന്തമായി 20,000 ഏക്കർ ഭൂമിയുള്ള പോബ്സൺ കമ്പനി സ്വന്തം കൃഷിഭൂമിയിൽപ്പോലും അത് ഉപയോഗിക്കുന്നില്ല.

<u>ശ്രീ പി.ടി. തോമസ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 1966 മുതൽ നമ്മുടെ സംസ്ഥാനത്ത് നിലവിലിരിക്കുന്ന സാധാരണക്കാരുടേയും പാവപ്പെട്ടവരുടേയും എക്കാലത്തേയും ആശ്രയമായ, റേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 65 ലക്ഷം റേഷൻ കാർഡുകൾ ചുരുങ്ങിയ സമയംകൊണ്ട് നൽകാൻ കഴിഞ്ഞതും ക്രമക്കേടുകൾ തടയാൻ സ്മാർട്ട് കാർഡുകൾ ഏർപ്പെടുത്താൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. റേഷൻ വിതരണ രംഗത്തെ അഴിമതിയും ക്രമക്കേടുകളും കണ്ടുപിടിക്കാനുള്ള പദ്ധതി കേരളം മുഴുവൻ വ്യാപിപ്പിക്കാൻ അടിയന്തിര നടപടി

സ്വീകരിക്കണം. റേഷൻ കടക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചാൽ കൂടുതൽ ഫലപ്രദമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയും. മാർജിൻ ഫ്രീ മാർക്കറ്റിന്റെ ചൂഷണത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കാൻവേണ്ടി ലാഭകേന്ദ്രങ്ങൾ ആരംഭിച്ച നടപടി സ്വാഗതാർഹമാണ്. ഭക്ഷ്യ വകുപ്പിന്റെ സ്തുത്യർഹമായ പ്രവർത്തനങ്ങളിലൂടെ വർഷങ്ങളായി നടത്തിയിരുന്ന കരിഞ്ചന്തയും പൂഴ്ത്തിവയ്പും കണ്ടുപിടിക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ഉണ്ടായിരുന്ന എണ്ണമറ്റ കമ്മിറ്റികൾക്കു പകരം ഒരു വർക്കിംഗ് ഗ്രൂപ്പിനെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചത് നല്ല കാര്യമാണ്. ബ്ളോക്ക് തലത്തിൽ പുതിയതായി രൂപീകരിച്ച ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയിൽ ടെക്നിക്കലി ക്വാളിഫൈഡ് ആയവരെ നിയമിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഡി.പി.സി. യിലെ പ്ളാനിംഗ് കമ്മിറ്റി ഫലപ്രദമായി പ്രവർത്തിപ്പിക്കണം. രാഷ്ട്രീയ പ്രവർത്തകരെ പരിപൂർണ്ണമായി മാറ്റിനിർത്തി അർഹതയുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി പഞ്ചായത്ത് രാജ്-നഗരപാലിക സംവിധാനം നടപ്പിലാക്കണം. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ കണക്കുകൾ പരിശോധിക്കാനും വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുന്ന ആനുകൂല്യങ്ങളുടെ അസ്സസ്സ്മെൻറ് നടത്താനും നിർദ്ദേശം കൊടുത്തിരിക്കുന്നത് നല്ല കാര്യമാണ്. `കില ` എന്ന സ്ഥാപനം നടത്തിയ ട്രെയ്നിംഗ് പരിപാടിയെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് പ്ളാനിംഗ് ബോർഡിൽ നടന്നിട്ടുള്ള 14.5 കോടി രൂപയുടെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കണം. ഗവൺമെന്റ് ഉത്തരവില്ലാതെ പ്ളാനിംഗ് ബോർഡ് ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചില ആളുകളെ നിലനിർത്താനും റിട്ടയർ ചെയ്തവരെ പുനർനിയമിക്കാനുമുള്ള നടപടി അവസാനിപ്പിക്കണം. 9-ാം പദ്ധതിയിൽ അനുവദിച്ചിരുന്ന 16,100 കോടി രൂപയിൽ ത്രിതല പഞ്ചായത്തിന് 6,000 കോടി രൂപ കൊടുക്കുമെന്ന് പറഞ്ഞിട്ട് വെറും 4480 കോടി രൂപയേ നൽകിയിട്ടുള്ളൂ. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ ധനകാര്യ മാനേജുമെൻറ് തകിടം മറിഞ്ഞു. പത്താം പദ്ധതിക്കുവേണ്ടി ഒറ്റ വർഷത്തേയ്ക്ക് ഈ ഗവൺമെന്റ് നീക്കിവച്ചത് 1250 കോടി രൂപയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണത്തിന്റെ അഞ്ചു വർഷക്കാലം ജനകീയാസൂത്രണത്തിൽ അഴിമതിയുടെ വികേന്ദ്രീകരണവും അധികാരത്തിന്റെ കേന്ദ്രീകരണവുമായിരുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റിയ ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിനെപ്പറ്റി നിഷ്പക്ഷമായ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. കഴിഞ്ഞ ഗവൺമെന്റ് രൂപീകരിച്ച ഏഴംഗ ഓംബുഡ്സ്മാൻ 13 മാസം കൊണ്ട് പരിഗണിച്ചതിന്റെ ഇരട്ടി കേസ്സുകൾ ഈ ഗവൺമെന്റ് പുനഃസംഘടിപ്പിച്ച ഏകാംഗ ഓംബുഡ്സ്മാൻ ചുരുങ്ങിയ സമയം കൊണ്ട് പരിഗണിച്ചു. ലോക്കൽ ഫണ്ട് ആഡിറ്റിനെ മറികടക്കാൻ എൽ.ഡി. എഫ് ഗവൺമെന്റ് നടത്തിയ ശ്രമം അപലപനീയമാണ്. സർക്കാരിന്റെ അനുമതിയില്ലാതെ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടിയെടുക്കാൻ പാടില്ലെന്ന ധനകാര്യ വകുപ്പിന്റെ മുമ്പാകെയുള്ള കത്തിന് സർക്കാർ അംഗീകാരം നൽകണം. ജനകീയാസൂത്രണ പദ്ധതിപ്രകാരം 2000-2001-ൽ കഴിഞ്ഞ സർക്കാർ കൊടുക്കാൻ ബാക്കിയുണ്ടായിരുന്ന ഫണ്ടിന്റെ എല്ലാ ഗഡുക്കളും കൊടുത്തുകൊണ്ട് ആ നടപടികൾ പൂർത്തീകരിക്കാനുള്ള പ്രവർത്തനവുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്. പ്ലാനിംഗ് എന്ന സങ്കല്പത്തെത്തന്നെ ഇടതുപക്ഷ

ജനാധിപത്യ മുന്നണി തകർത്തിരിക്കുന്നു. ഈ തട്ടിപ്പുകളൊക്കെ കണ്ടുപിടിക്കാൻ ചുമതലപ്പെട്ട പ്ലാനിംഗ് ബോർഡിലെ ഉദ്യോഗസ്ഥന്മാർ അതിന് എന്തുകൊണ്ട് തയ്യാറാകുന്നില്ലെന്നുള്ളത് വ്യക്തമാക്കണം. മാത്രമല്ല, പ്ലാനിംഗ് ബോർഡിന്റെ മുൻകാലത്തെ നടപടികളെ സംബന്ധിച്ച് പരിപൂർണ്ണമായ അന്വേഷണം നടത്തുകയും വേണം. ആഡിറ്റ് വകുപ്പുമായി ആലോചിക്കാതെ കാഷ് ബുക്കുകളുടേയും ചെക്ക് ബുക്കുകളുടേയും എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് ഏത് അന്വേഷണത്തേയും മറികടക്കാനുള്ള കഴിഞ്ഞ ഗവൺമെന്റിന്റെ നടപടിക്ക് ഈ ഗവൺമെന്റ് മാറ്റം വരുത്തണം. ജനകീയാസൂത്രണ പദ്ധതി പ്രകാരം ജീവജാലങ്ങളെ വിതരണംചെയ്തുവെങ്കിലും ഇതിൽ നിന്ന് സംസ്ഥാനത്തെ ജനങ്ങളുടെ ജീവിത നിലവാരത്തിൽ ഒരു മെച്ചവുമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശ്രീ. സി. കെ. നാണു</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന മലബാർ ദേവസ്വം ബിൽ അനുസരിച്ചുള്ള നിയമനിർമ്മാണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. കേന്ദ്ര ഗവൺമെന്റിന്റെ നടപടിമൂലം മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിരുന്ന മണ്ണെണ്ണയുടെ തോതിൽ വന്ന കുറവ് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. സാങ്കേതിക പ്രശ്നങ്ങളുടെ പേരിൽ ഫണ്ട് ലഭിക്കാത്തതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം. ദിവസ വേതനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കണ്ടിൻജന്റ് ജീവനക്കാരുടേയും ഹെൽത്ത് ഡിപ്പാർട്ടു മെന്റിൽനിന്നും ഈ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടേയും ജോലിഭദ്രത ഉറപ്പുവരുത്തണം. ജനകീയാസൂത്രണ പദ്ധതിയിലെ പോരായ്മകൾ പരിഹരിച്ചും കൂടുതൽ ഫണ്ട് അനുവദിച്ചും ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം.

<u>ശ്രീ എ.എ. അസീസ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായത്തിൽ ന്യായവില ഷോപ്പ് എന്നത് ഇന്ന് അന്യായവില ഷോപ്പായി മാറിയിരി ക്കുന്നതിനാൽ ന്യായവിലയ്ക്ക് ജനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റ് അധികാര വികേന്ദ്രീകരണത്തിലൂടെ താഴെത്തട്ടിലേയ്ക്ക് അധികാരം കൈമാറിയിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് അധികാരം കേന്ദ്രീകരിക്കുകയാണ് ചെയ്യുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ അഴിമതികൾ നടന്നിട്ടുണ്ടെങ്കിൽ അന്ന് 40% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭരിച്ച യു.ഡി.എഫ്. നേതൃത്വം നൽകുന്ന ഈ ഗവൺമെന്റ് അതിനെക്കുറിച്ച് അന്വേഷിക്കണം.

<u>ശ്രീ. സി. മമ്മൂട്ടി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമഗ്ര ഭരണഘടനാ ഭേദഗതിയിലൂടെ രൂപീകരിക്കപ്പെട്ട ത്രിതല പഞ്ചായത്ത് സംവിധാനം എൽ.ഡി.എഫ് ഗവൺമെന്റാണ് നടപ്പിലാക്കിയതെന്നുള്ള അവകാശവാദം ശരിയല്ല. യു.ഡി.എഫ്-ന്റെ ഭരണ കാലത്താണ് ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നത്. കഴിഞ്ഞ സർക്കാർ നാലു

വർഷക്കാലം കൊണ്ട് 3200 കോടി രൂപ ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ സ്ഥാനത്ത് ഈ ഗവൺമെന്റ് ഒരു വർഷം അവയ്ക്കായി 1250 കോടി രൂപ നീക്കിവയ്ക്കുകയും 94 കോടി രൂപ കൊടുക്കാൻ പോകുകയുമാണ്. ഇത്തരത്തിൽ അനുവദിച്ച തുക ചെലവാക്കുന്നത് മോണിറ്റർ ചെയ്യാനോ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കാനോ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപടി സ്വീകരിച്ചിരുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഏഴംഗ ഓംബുഡ്സ്മാൻ തീർപ്പാക്കി യതിലും കൂടുതൽ കേസ്സുകൾ ചുരുങ്ങിയ സമയംകൊണ്ട് ഈ ഗവൺമെന്റിന്റെ ഏകാംഗ കമ്മിഷൻ തീർപ്പാക്കിയിരിക്കുന്നു. ജനകീയാസൂത്രണ പദ്ധതിയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സെൽ ഭരണമാണ് നടത്തിയിരുന്നത്. അതിൽനിന്നും വ്യത്യസ്തമായി സുതാര്യമായ സമീപനമാണ് യു.ഡി.എഫ്. കൈക്കൊള്ളുന്നത്. ഈ പദ്ധതിയിൻകീഴിൽ എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിയ അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച് അന്വേഷിക്കണം. ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾക്ക് ഗ്രാന്റ് അനുവദിക്കണം. അഴിമതി തടയുന്നതിനായി 25,000 രൂപയ്ക്കു മുകളിലുള്ള വർക്കുകൾ ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ച നടപടി സ്വാഗതാർഹമാണ്. പിൻവലിച്ച എസ്.സി/എസ്.ടി ഫണ്ട് തിരിച്ചുകൊടുക്കണം. കുടുംബശ്രീ പദ്ധതിപ്രകാരം ഗ്രാമങ്ങളിലെ സ്ത്രീകൾക്കും ചെറുപ്പക്കാർക്കും തൊഴിൽ നൽകാനുള്ള ശ്രമം അഭിനന്ദനാർഹമാണ്. ഭക്ഷ്യ മേഖല ശക്തിപ്പെടുത്തണം. 2000 ടൺ ഗോതമ്പ് തിരിമറി നടത്തിയ ഉദ്യോഗസ്ഥൻമാർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. റേഷൻ കടകളിലൂടെ നല്ലയിനം ഗോതമ്പ് ലഭ്യമാക്കാൻ നടപടിയുണ്ടാകണം. എല്ലാ അവശ്യസാധനങ്ങളും റേഷൻ കടകളിലൂടെ ന്യായ വിലയ്ക്ക് വിതരണം ചെയ്യണം.

<u>ശ്രീ. എ. സുജനപാൽ:</u> ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം പ്രതിസന്ധി നേരിടുകയാണ്. ദേശീയതലത്തിൽ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന പരിഷ്ക്കാരങ്ങൾ കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലാകെ റേഷനിംഗ് സമ്പ്രദായത്തെ തകിടം മറിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കാര്യക്ഷമമായ നയം സ്വീകരിക്കണം. റേഷൻ ഡീലർമാർ നേരിടുന്ന പ്രശ്നങ്ങൾ ഗവൺമെന്റ് അനുഭാവപൂർവം പരിഗണിച്ച് പുതിയ പരിഷ്ക്കാരങ്ങൾ കൊണ്ടുവരണം. ഗോതമ്പ് ഉൾപ്പെടെയുള്ള റേഷൻ സാധനങ്ങൾ പൊതുമാർക്കറ്റിൽ വിറ്റതായി ആക്ഷേപം വന്നപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെയും ഹോൾസെയിൽ ഡീലർമാരെയും ഈ ഗവണ്മെന്റ് ശിക്ഷണ നടപടിക്ക് വിധേയരാക്കി. അടുത്തകാലത്ത് വിതരണം ചെയ്ത റേഷൻ കാർഡുകളിൽ എ.പി.എൽ., ബി.പി.എൽ. തരം തിരിക്കൽ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം .മാർജിൻഫ്രീ മാർക്കറ്റുകളുമായി ബന്ധപ്പെട്ടുവന്നിട്ടുള്ള ആശങ്കകൾ ദൂരീകരിക്കാൻ ലാഭം സ്റ്റോറുകൾ നടത്തുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ് . ഈ ഗവണ്മെന്റ് ഏർപ്പെടുത്തിയ പരിഷ്ക്കാരങ്ങളുടെ ഫലമായി അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ രംഗത്ത് ഈ സർക്കാർ ഏർപ്പെടുത്തിയ പദ്ധതികളെ സംബന്ധിച്ചിടത്തോളം ആരും യാതൊരു ആക്ഷേപവും പറയാനിടയില്ല. കഴിഞ്ഞ ഗവണ്മെന്റ് നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയിലെ തകരാറു കളാണ് സംസ്ഥാനത്തെ

സാമ്പത്തിക പ്രതിസന്ധിക്കുകാരണം. ജനകീയാസൂത്രണത്തിലെ 99 ശതമാനം ഗുണഭോക്താക്കളും മാർക്സിസ്റ്റു പാർട്ടിക്കാരായിരുന്നു. അഴിമതിയുടെ വികേന്ദ്രീകരണവും പഞ്ചായത്ത് രാജ് ആക്ടിനെപ്പോലും തകർക്കുന്ന നടപടികളുമാണ് കഴിഞ്ഞ ഗവണ്മെന്റിന്റെ ഭരണകാലത്തുണ്ടായിരുന്നത്. അത്തരത്തിൽ കോടിക്കണക്കിനു രൂപയുടെ അഴിമതി നടത്തിയവരെ കണ്ടെത്തി ശിക്ഷാനടപടികൾ സ്വീകരിക്കണം. പഞ്ചായത്തുകൾക്കു വേണ്ടി ഫോട്ടോകോപ്പിയിംഗ് യന്ത്രങ്ങൾ വാങ്ങിയതിനെക്കുറിച്ചും കമ്പ്യൂട്ടർ ഇല്ലാതെ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരെ നിയമിച്ച് ശമ്പളം കൊടുക്കേണ്ടിവന്ന സാഹചര്യത്തെപ്പറ്റിയും അന്വഷണം നടത്തണം. വാട്ടർ അതോറിറ്റി, ടെലഫോൺസ്, പി.ഡബ്ളിയൂ.ഡി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി യോജിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

ഡോ. തോമസ് ഐസക്: ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവണ്മെന്റ് പദ്ധതി അടങ്കലിന്റെ അനുപാതത്തിൽ പ്ളാൻ ഫണ്ട് വിഹിതം വർദ്ധിപ്പച്ചിട്ടുണ്ടെങ്കിലും അതനുസരിച്ച് നോൺപ്ളാൻ വിഹിതം വർദ്ധിപ്പിച്ചിട്ടില്ല. ധനകാര്യ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകൾ ഈ ബഡ്ജറ്റിൽ പ്രതിഫലിക്കുന്നില്ല. ഇത് പഞ്ചായത്തുകളുടെ ധനസ്ഥിതിയിൽ ഗുരുതരമായ പ്രത്യാഘാതം ഉളവാക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം വിനിയോഗിക്കുന്നതിൽ വീഴ്ചക ളുണ്ടാകുന്നത് ഗൗരവമേറിയ കാര്യമാണ്. രണ്ടാമത്തെ പ്രശ്നം മന്ത്രിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഈ രീതിയിലാണ് പോകുന്നതെങ്കിൽ ബഡ്ജറ്റിലുള്ള തുക ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുകയില്ല. കഴിഞ്ഞവർഷം അലോട്ടുമെന്റിന്റെ ഒരു ഗഡുപോലും കൃത്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയില്ല. ഈ വർഷത്തെ വാർഷിക പദ്ധതിയും പഞ്ചവത്സര പദ്ധതിയും അംഗീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയ പരിധി ഒക്ടോബർ അവസാനമാണ്. അതുകഴിഞ്ഞ് നവംബർ മാസത്തിൽ പണം കിട്ടിയാൽ സാമ്പത്തിക വർഷം അവസാനിക്കുംമുമ്പ് അതു ചെലവാക്കാൻ കഴിയുകയില്ല. കഴിഞ്ഞ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ തന്നെയാണ് ഈ സർക്കാരും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതു മോണിറ്റർ ചെയ്യുന്നത് പ്ളാനിംഗ് ബോർഡാണ്. കഴിഞ്ഞ ഗവണ്മെന്റ് ജനകീയാസൂത്രണ പദ്ധതി നടപ്പാക്കിയതിൽ വന്ന ചെറിയ ചില വീഴ്ചകളെയാണ് ക്രമക്കേടുകൾ എന്ന പേരിൽ ഭരണകക്ഷി അംഗങ്ങൾ കൊട്ടിഘോഷിക്കുന്നത്. ആ ഗവണ്മെൻറും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളും ചേർന്ന് ഗ്രാമീണ മേഖലയിൽ ഭവന നിർമ്മാണരംഗത്തും റോഡ് വികസന രംഗത്തും കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ വിസ്മരിക്കാൻ ആർക്കും കഴിയില്ല. ഈ ഗവണ്മെന്റ് ടി.എസ്.പി. ഫണ്ട് തിരിച്ചുപിടിച്ചിരി ക്കുകയാണ്. സാമ്പത്തിക വർഷം കഴിഞ്ഞിട്ടും രണ്ടുകോടി മുപ്പത്തിയെട്ടു ലക്ഷം രൂപ ഡിമാന്റ് ഡ്രാഫ്റ്റായിട്ടും പതിനഞ്ചു കോടി അറുപത്തിയഞ്ചു ലക്ഷം രൂപ ഗവൺമെന്റിന്റെ കൈയിലുമിരിക്കുകയാണ്. ഇതുപോലുള്ള ക്രമക്കേട് ധനകാര്യ വകുപ്പിന്റെ ചരിത്രത്തിലുണ്ടാ യിട്ടില്ല. പ്ളാനിംഗ് ബോർഡ് തയ്യാറാക്കിയ പരിശീലന പുസ്തകത്തിൽ പറയുന്നത് ജന പ്രതിനിധികൾ ഊരുകൂട്ടത്തിൽ പങ്കെടുക്കാൻ പാടില്ലെന്നാണ്. പട്ടികവർഗ്ഗത്തിൽനിന്നും ജന പ്രതിനിധികളായി തെരഞ്ഞെടുത്തിട്ടുള്ളവർക്കെങ്കിലും ഊരുകൂട്ടത്തിൽ പങ്കെടുക്കാനുള്ള അനുവാദം

കൊടുക്കേണ്ടതാണ്. ഇതിൽ ഉദ്യോഗസ്ഥൻമാർക്ക് പങ്കാളിത്തം കൊടുത്തുകൊണ്ട് അധികാര വികേന്ദ്രീകരണത്തെ ഉദ്യോഗസ്ഥ മേധാവിത്വ കേന്ദ്രീകരണമാക്കി മാറ്റിക്കൊണ്ടിരി ക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) ഭക്ഷ്യ–പൊതു വിതരണ രംഗങ്ങളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തുനിന്നും ഭരണ പക്ഷത്തുനിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതോടൊപ്പം, നടപ്പിലാക്കാൻ കഴിയുന്നവ നടപ്പിലാക്കുകയും ചെയ്യുമെന്നു പറയുന്നതിൽ സന്തോഷമുണ്ട്. അടുത്തകാലത്ത് കോട്ടയം ഇടുക്കി ജില്ലകളിൽ വിതരണത്തിനായി പാലക്കാട് എഫ്. സി. ഐ. ഗോഡൗണിൽനിന്നും മൊത്ത വ്യാപാരികളെടുത്ത രണ്ടായിരം മെട്രിക് ടൺ ഗോതമ്പിൽ തിരിമറി നടത്തിയതിന്റെ പേരിൽ രണ്ട് ജില്ലാ സപ്ളൈ ഓഫീസർമാരേയും, നാല് താലൂക്ക് സപ്ളൈ ഓഫീസർമാരേയും, സസ്പെന്റ് ചെയ്യുകയും, ജില്ലാ താലൂക്ക് സപ്ളൈ ഓഫീസറുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കു കയും, ഒരു താലൂക്ക് സപ്ളൈ ഓഫീസറെ സ്ഥലം മാറ്റുകയും ചെയ്തു. 13 മൊത്ത വ്യാപാര ഡിപ്പോകളും ഒൻപത് റേഷൻ കടകളും സസ്പെന്റ് ചെയ്തു. ഡിപ്പാർട്ടുമെന്റിന്റെ അന്വേഷണം ഫലപ്രദമാകുകയില്ലെന്ന് മനസ്സിലാക്കി തുടർ അന്വേഷണം വിജിലൻസിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇപ്പോൾ കേരളത്തിലെ ആറു ജില്ലകളിൽ മാത്രമാണ് സിവിൽ സപ്ളൈസ് കോർപ്പറേഷന് മൊത്ത വിതരണ ഡിപ്പോയുള്ളത്. വരുംകാലങ്ങളിൽ കേരളത്തിലെ എല്ലാ ജില്ലകളിലും കുറഞ്ഞത് ഒരു മൊത്ത വിതരണ ഡിപ്പോ വീതമെങ്കിലും ഉണ്ടാകണമെന്ന് ഉദ്ദേശിക്കുന്നു. ഇപ്പോൾ കേരളത്തിലെ 64 ലക്ഷം കുടുംബങ്ങൾക്കാണ് റേഷൻ കാർഡ് നൽകിയിട്ടുള്ളത്. പുറമ്പോക്കുകളിലും മലയോരങ്ങളിലും താമസിക്കുന്ന ആറു ലക്ഷം കുടുംബ ങ്ങൾക്കുകൂടി റേഷൻ കാർഡ് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എഫ്. സി. ഐ. യിലെ ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തുകയും ഡൽഹിയിൽപോയി കേന്ദ്രമന്ത്രിയെ കാണുകയും കത്തെഴുതുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഗുണനില വാരമുള്ള അരി ലഭിക്കുന്നതാണ്. എ. പി. എൽ കാർഡുടമകൾക്കുകൂടി മാവേലിസ്റ്റോറിൽ കൊടുക്കുന്ന വിലയ്ക്ക് റേഷൻ കടകളിൽക്കൂടി പഞ്ചസാര കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സിവിൽ സപ്ളൈസ് ഡിപ്പാർട്ടുമെന്റ് പൂർണ്ണമായും കംപ്യൂട്ടർവൽക്കരിക്കുന്നതാണ്. റേഷൻ കടകളിലൂടെയുള്ള തിരിമറി ഇല്ലാതാക്കുന്നതിന് കേരളത്തിലെ എല്ലാ റേഷൻ കടകളിലും സ്മാർട്ട് കാർഡ് സിസ്റ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. അതിന് കേന്ദ്ര ഗവൺമെന്റ് 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭാരതത്തിലാദ്യമായി ഒരു സംസ്ഥാന ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ഇന്റർ ആക്ടീവ് പോർട്ടലായി പ്രവർത്തിക്കുന്നത് സംസ്ഥാന ഭക്ഷ്യവകുപ്പിന്റെ വെബ്സൈറ്റാണ്. വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ എല്ലാ ജില്ലകളിലുംപോയി ഉദ്യോഗസ്ഥൻമാരുമായി നേരിട്ട് ചർച്ച നടത്തി ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നു. ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലിലൂടെ ഓപ്പൺ മാർക്കറ്റിൽ സാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ചുനിർത്താൻ കഴിഞ്ഞിട്ടുണ്ട്. അഭിമാനിക്കാൻ തക്കതായ പൊതുവിതരണ ശൃംഖല നമ്മുടെ സംസ്ഥാനത്തുണ്ട്. സാർവ്വത്രികമായ റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കണമെന്നതാണ് ഈ ഗവൺമെന്റിന്റെ സമീപനം. ഇപ്പോൾ ലൈസൻസിംഗ് സിസ്റ്റം എടുത്തുകളഞ്ഞതിന്റെ ഫലമായി ആർക്കും ഏതു രീതിയിലുള്ള കച്ചവടം വേണമെങ്കിലും

നടത്താമെന്നുള്ള സ്ഥിതി ഉണ്ടായിട്ടുണ്ട്. ലൈസൻസിന്റേയും റീ–ലൈസൻസിന്റേയും റിന്യൂവലിന്റേയും ഫലമായി 8 ലക്ഷം രൂപയാണ് കേരളത്തിന് നഷ്ടമാകാൻ പോകുന്നത്. തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ സ്ഥിതി വളരെ പരിതാപകരമാണെന്ന് മനസ്സിലാക്കി കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെ നേരിട്ട് കാണുകയും മണ്ണെണ്ണയുടെ ക്വാട്ട വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മലബാർ ദേവസ്വം നിയമം നടപ്പിലാക്കുകയെന്നത് ഈ ഗവൺമെന്റിന്റെ കമ്മിറ്റ്മെന്റാണ്. അതിന്റെ അടിസ്ഥാനത്തിൽ സെലക്ട് കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിക്കുകയും കാസർഗോഡ് ജില്ലയിൽ രണ്ട് സിറ്റിംഗ് നടത്തുകയും ചെയ്തു. നിയമസഭ കഴിഞ്ഞതിനുശേഷം ആ ബില്ലിന്റെ സെലക്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകും. റേഷൻ വ്യാപാരികൾക്ക് കമ്മിഷൻ കുറവാണെന്നുള്ളത് കണക്കിലെടുത്ത് അവരുടെ കമ്മിഷൻ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പഠിക്കാൻ സിവിൽ സപ്ലൈസ് ഡയറക്ടറെ ഏകാംഗ കമ്മിഷനായി നിയോഗിച്ചു. റിപ്പോർട്ട് കിട്ടിയതിനുശേഷം റേഷൻ വ്യാപാരികൾക്കുവേണ്ട ആശ്വാസ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ ആരോപണം അടിസ്ഥാനരഹിതമാണ്. തെറ്റുചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയ ക്രിയാത്മക നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു; വരുംകാലങ്ങളിൽ അവ ഈ വകുപ്പിൽ നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കും. ഇവിടെ ഉന്നയിച്ച അടിസ്ഥാനരഹിതമായ എല്ലാ ആരോപണങ്ങളും നിഷേധിക്കുന്നു. ഈ വകുപ്പിൽ ട്രാൻസ്ഫറുകൾ നടത്താതിരിക്കാൻ കഴിയില്ല, അത് എല്ലാ കാലത്തും നടത്തുന്നതുമാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് നടത്തിയ അഴിമതിയുടെയും ധൂർത്തിന്റേയും ഫലമായിട്ടാണ് കേരളത്തിലെ പ്രബുദ്ധരായ ജനത ഐക്യജനാധിപത്യ മുന്നണിയെ അധികാരത്തിലേറ്റിയത്. ഇന്നത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിതൃത്വം ഐക്യജനാധിപത്യ മുന്നണി ഗവൺ മെന്റിനുള്ളതാണ്. ഈ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയത് യു.ഡി.എഫ്. ഗവൺമെന്റാണ്. അതിനുശേഷം അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കി. 1999–ൽ പെർഫോമൻസ് ആഡിറ്റ് നടത്താൻ തീരുമാനിക്കുകയും ചട്ടങ്ങൾ തയ്യാറാക്കുകയും ചെയ്തുവെങ്കിലും ആഡിറ്റ് നടത്തിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചരിത്രത്തിലാദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ പെർഫോമൻസ് ആഡിറ്റ് നടത്തി പ്രസിദ്ധ പ്പെടുത്തി. ലോക്കൽ ഫണ്ട് ആഡിറ്റിലൂടെ, വിവിധ ഇനത്തിൽ നടത്തിയിട്ടുള്ള ക്രമക്കേടുകൾ കണ്ടെത്തി. കഴിഞ്ഞ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ക്കുറിച്ചുള്ള കണക്കുകളൊന്നും സൂക്ഷിച്ചിരുന്നില്ല. ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ കാലത്ത് നടന്ന അഴിമതികൾ പരിശോധിച്ച് ഉത്തരവാദികളായ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥന്മാരുടേയും പേരിൽ നടപടി സ്വീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ നിയമപരമായ നടപടി

പൂർത്തിയാക്കുന്നതോടുകൂടി സംസ്ഥാന ഖജനാവിന് നഷ്ടപ്പെട്ട മുഴുവൻ തുകയും തിരിച്ചുപിടിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനം അനിവാര്യവും അത്യാവശ്യവുമാണ്. പഞ്ചായത്തുകളുടെ വികസനത്തിനുവേണ്ടി ആവശ്യമായ തുക പ്ലാൻ ഫണ്ടിലും നോൺ പ്ലാൻ ഫണ്ടിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്ലാൻ ഇനത്തിൽ ഈ വർഷം നീക്കി വച്ചിട്ടുള്ള 1250 കോടി രൂപ പൂർണ്ണമായും ചെലവഴിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 75.85 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിക്കുന്ന 100 കോടി രൂപയും അടിസ്ഥാന നികുതി ഇനത്തിൽ ലഭിക്കുന്ന 7.69 കോടി രൂപയും മോട്ടോർ വാഹന നികുതി ഇനത്തിൽ ലഭിക്കുന്ന 68.30 കോടി രൂപയും ലഭ്യമാക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ കാര്യക്ഷമതയോടുകൂടി പൂർത്തിയാക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. വ്യവസായം, ഐ.ടി., ടൂറിസം, വാണിജ്യം, വ്യാപാരം എന്നീ മേഖലകളിൽ വികസന സാദ്ധ്യതകളുള്ള നഗര പ്രദേശങ്ങൾ പ്രധാന വളർച്ചാ കേന്ദ്രങ്ങളായി വികസിപ്പിക്കുക, അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പു വരുത്തുക, എന്നിവയ്ക്കു പുറമേ നഗരസഭാ സംവിധാനങ്ങളിലെ കുത്തകാധികാരം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും മറ്റുമായി ഒരു അർബൻ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുക എന്ന ആശയത്തോടുകൂടി കേരളത്തിൽ നഗര വികസന നയം നടപ്പിലാക്കാൻ കാബിനറ്റ് തീരുമാനമെടുത്തുകഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ച കുടുംബശ്രീ പദ്ധതി ബാക്കിയുള്ള 730 പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചു. ഈ പദ്ധതിക്കുവേണ്ടി 2002–2003–ൽ 18 കോടി രൂപ ചെലവാക്കാൻ തീരുമാനിക്കുകയും 58 നഗരസഭകളിലും 991 ഗ്രാമ പഞ്ചായത്തുകളിലും നടപ്പിലാക്കുകയും ചെയ്തു. 78013 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചുകഴിഞ്ഞു. ട്രൈബൽ മേഖലയിൽ 1010 അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ജനന–മരണ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷ, കെട്ടിടങ്ങൾക്കുള്ള അപേക്ഷ തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് സേവനം ഉറപ്പാക്കുന്നതിനുവേണ്ടി സ്പീഡ് സർവ്വീസ് പ്രോഗ്രാം കോഴിക്കോട് ജില്ലയിലെ നാദാപുരം പഞ്ചായത്തിൽ ആരംഭിക്കാൻ പോകുന്നു. അത് കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കും. സംസ്ഥാനത്തെ ചേരിപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് എല്ലാവിധത്തിലുമുള്ള സഹകരണവും നല്കും. 1975–ൽ ആരംഭിച്ച തിരുവനന്തപുരത്തെ ചെങ്കൽചൂള പദ്ധതി ഈ വർഷം പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കും. ഈ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കുവേണ്ടി ഈ ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി തൃപ്തികരമല്ല എന്ന് ആരോപിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്ക്കരിച്ചു.)

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭക്ഷ്യം എന്ന XXXാം നമ്പർ ധനാഭ്യർത്ഥനയും നഗരവികസനമെന്ന XXII –ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV –ാം നമ്പർ ധനാഭ്യർത്ഥനയും സഭ ഐകകണ്ഠ്യേന പാസാക്കുകയും ഗ്രാന്റുകൾ അനുവദിക്കുകയും ചെയ്തു.

## ചർച്ച കൂടാതെ പാസാക്കുന്ന ധനാഭ്യർത്ഥനകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): തെരഞ്ഞെടുപ്പുകൾ എന്ന IV –ാം നമ്പർ ധനാഭ്യർത്ഥനയും മുദ്രപത്രങ്ങളും രജിസ്ട്രേനും എന്ന VII–ാം നമ്പർ ധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI –ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII–ാം നമ്പർ ധനാഭ്യർത്ഥനയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ചർച്ച കൂടാതെ പാസാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസാക്കുകയും ഗ്രാന്റുകൾ അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.55–ന് പിരിഞ്ഞു.

.........